നെൽകൃഷി വിദഗ്ദ്ധ സമിതി റിപ്പോർട്ട്

4 (*511) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നിയമിച്ച നെൽകൃഷി വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നു ലഭിച്ചു ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുമോ ;

(സി) സമിതിയുടെ ശുപാർശകൾ നടപ്പിൽ വരുത്താൻ നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) ഉണ്ട്. 1999 ജൂലൈ മാസത്തിൽ.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ചശേഷം യഥാവസരം പ്രസിദ്ധപ്പെടുത്തുന്നതാണ്.

(സി) റിപ്പോർട്ട് സർക്കാർ പഠിച്ചുവരുന്നു. സ്വീകാര്യമായ ശുപാർശകൾ നടപ്പിൽ വരുത്തുന്നതാണ്.

ശ്രീ. കെ. പ്രകാശ് ബാബു : സർ, നെല്ലുൽപാദനം 21 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി എന്തൊക്കെ പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, നെല്ലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് നെൽപ്പാടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, നമ്മുടെ സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ കൊടുക്കുകയും, കൃഷി ചെയ്യുന്നതിന് കർഷകരെ തയ്യാറെടുപ്പിക്കുകയും അതിനാവശ്യമായിട്ടുള്ള സഹായങ്ങൾ കർഷകർക്ക് നൽകുകയും ചെയ്യുക, ഉൽപാദനച്ചെലവ് കുറച്ചു കൊണ്ടുവരുന്നതിനുവേണ്ടി ചെറുകിട യന്ത്രവൽക്കരണ പദ്ധതിയിലൂടെ കൃഷി ചെയ്യുന്നതിന് തയ്യാറായിവരുന്ന കർഷകത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാതെ തന്നെ യന്ത്രവൽക്കരണ പ്രവർത്തനങ്ങൾ പൂർണ്ണമാക്കുക, കൊയ്ത്തു കാലത്ത് ന്യായമായ വില കൊടുത്തുകൊണ്ട് കൃഷിക്കാരിൽനിന്നും നെല്ല് ശേഖരിച്ച് സംസ്കരിച്ച് അരിയാക്കി മാർക്കറ്റ് ചെയ്യുന്നതുവരെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുക. ആ നടപടിക്രമങ്ങളിലൂടെയാണ് നമ്മുടെ സംസ്ഥാനത്തെ നെല്ലിന്റെ ഉൽപാദനം വർദ്ധിപ്പിക്കാനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. പ്രകാശ് ബാബു : സർ, സീഡ് അതോറിറ്റിയുടെ രൂപീകരണവും
100 വില്ലേജുകൾ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കുന്നത്. നിർദ്ദിഷ്ട പാഡിബോർഡിന്റെ രൂപീകരണം എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയും. വികസന ഏജൻസികളുടെ പരിധിയിൽപ്പെടാത്ത പാടശേഖരങ്ങളെ പാഡിബോർഡിന്റെ പ്രവർത്തന പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി എടുക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, പാഡിബോർഡ് രൂപീകരിക്കുന്നതിന് ഈ മന്ത്രിസഭയുടെ അനുമതി കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അടുത്ത നിയമസഭാ സമ്മേളനത്തിൽ ഇതുസംബന്ധിച്ച് ബിൽ അവതരിപ്പിച്ച് നിയമമാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. 11 നെൽകൃഷി വികസന ഏജൻസികളുടെ പരിധിയിൽവരുന്ന കൃഷിയിടങ്ങളും മറ്റ് പ്രദേശങ്ങളിലുള്ള നെൽപ്പാടങ്ങളും പാഡി ബോർഡിന്റെ പരിധിയിൽ കൊണ്ടുവരാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി പ്രവർത്തിക്കുന്ന ഏജൻസികളെക്കുറിച്ചും അതിന് ചെലവാക്കിയ സംഖ്യയെക്കുറിച്ചും അതുവഴി അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിയതിനെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുകയുണ്ടായി. എന്നാൽ സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതി അപകടകരമായ വിധത്തിൽ കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ ; അത് പരിഹരിക്കാൻ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. ഓരോ വർഷം കഴിയുംതോറും നെൽപ്പാടത്തിന്റെ വിസ്തൃതി കുറഞ്ഞുവരികയാണ്. അതിന് ഒരു കാരണം നെടുമ്പാശ്ശേരി ഇന്റർനാഷണൽ എയർപ്പോർട്ടിനുവേണ്ടി നികത്തിയതു മുഴുവൻ നെൽപ്പാടമാണ്. വ്യവസായ വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ പാലക്കാട്, എറണാകുളം, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നെൽപാടങ്ങളാണ് നികത്തിയത്. നമ്മുടെ സംസ്ഥാനത്തെ നെൽപ്പാടത്തിന്റെ നല്ലൊരു പങ്ക് ഈ രണ്ടു കാര്യങ്ങൾക്കുവേണ്ടി നികത്തിപ്പോയിട്ടുണ്ട്. മറ്റൊരുകാര്യം നെൽപ്പാടം കൈവശമുള്ളവരിൽ പലരും വിദേശത്ത് ജോലി ചെയ്യുന്നവരാണ്, അല്ലെങ്കിൽ സംസ്ഥാനത്തുതന്നെ ബാങ്കുകളിലും സ്വകാര്യസ്ഥാപനങ്ങളിലും ജോലിചെയ്യുന്നവരും സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്നവരുമാണ്. അവർ നെൽപ്പാടങ്ങളെ ഒരു മൂലധന നിക്ഷേപമാക്കിയിടാനും തരിശിടാനും താൽപര്യം കാണിക്കുന്നു. നിലങ്ങൾ കൃഷിയുക്തമാക്കാൻവേണ്ടി ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. അത് വിജയകരമായി നടപ്പാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

മി. സ്പീക്കർ : ഇപ്പോൾ റിയൽ എസ്റ്റേറ്റ് എന്നുപറഞ്ഞ് ഒരു വ്യവസായം തന്നെയുണ്ട്. ഒരു പാടവും വാങ്ങും ഒരു കുന്നും വാങ്ങും ഒരു കുന്നും ഒരു കുഴിയും.

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, നെൽകൃഷി വികസനത്തിനായി രൂപീകരിച്ചിട്ടുള്ള പാടശേഖരങ്ങളുടെ പ്രവർത്തനം കാലാകാലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തിയിട്ടുണ്ടോ ; അതിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് സർക്കാരിന്റെ കൈയിലുണ്ടോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഈ ഏജൻസികളുടെ ചെയർമാൻമാർ ജില്ലാകളക്ടേഴ്സാണ്. ഒരു ഏജൻസിയുടെ മാത്രമാണ് കൃഷി വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ളത്. കാലാകാലങ്ങളിൽ ഈ ഏജൻസികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. ആ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്.

ശ്രീ. പി. എസ്. സുപാൽ : സർ, നെൽകൃഷി വികസന ഏജൻസിയുടെ പരിധിയിൽ വരാത്ത പ്രദേശങ്ങളുണ്ട്. അതാണ് ഏറ്റവും കൂടുതൽ. അവിടത്തെ നെൽകൃഷിയെ പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ഗവൺമെന്റ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, അത് ഞാൻ ഇവിടെ പറഞ്ഞതാണ്. നെൽകൃഷി വികസന ഏജൻസിയുടെ പരിധിയിൽ വരാത്ത പ്രദേശങ്ങളിലെ നെൽപ്പാടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്, അവിടെ എഞ്ചിൻ തറകൾ നിർമ്മിക്കുന്നതിന്, മോട്ടോർ ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന്, ബണ്ടുകൾ നിർമ്മിക്കുന്നതിന് ആ പ്രദേശങ്ങളിൽ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. തുടർന്നുള്ള വർഷങ്ങളിലും ഈ സാമ്പത്തികസഹായം വികസന ഏജൻസിക്കു പുറത്തുള്ള പ്രദേശങ്ങളിൽ നൽകുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ : സർ, നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണ സമിതികളുമായി ബന്ധപ്പെട്ട് ചില പരിപാടികൾ ചില പ്രദേശങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. അത് വിപുലമാക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇപ്പോൾ തന്നെ ജനകീയാസൂത്രണത്തിന്റെ ഭാഗമായി തരിശു കിടക്കുന്ന നെൽപ്പാടങ്ങൾ കൃഷിയുക്തമാക്കുന്നതിനുവേണ്ടി ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും നടപ്പാക്കുന്നതിന് ഒരു പദ്ധതിയുണ്ട്. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്ത്..... (കൃത്യമായ കണക്കുകൾ എന്റെ കൈയിലില്ല.) ഏകദേശം 70,000 ഏക്കർ സ്ഥലത്ത് ഗ്രാമ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും നേതൃത്വത്തിൽ പുതുതായി നെൽകൃഷി വികസിപ്പിച്ചെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. സത്യൻ മൊകേരി : സർ, 11 നെൽകൃഷി വികസന ഏജൻസികൾക്കും കൂടി ഏകദേശം 18 കോടിയിലധികം രൂപ ചെലവഴിച്ചതായിട്ട് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇത്രയും സംഖ്യ ചെലവഴിച്ചതിനുശേഷം ഈ വികസന ഏജൻസികളുടെ പ്രവർത്തനഫലമായി എന്തെല്ലാം മാറ്റങ്ങളുണ്ടായി എന്ന് കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങളുണ്ടോ അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, കഴിഞ്ഞ ചോദ്യത്തിന് മറുപടിയായിട്ട് ഞാൻ പറഞ്ഞു. കൃത്യമായി വിലയിരുത്തിയിട്ടുണ്ട്. ഏജൻസികളുടെ കൂടെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞത്. 1999-2000. ഈ നടപ്പു സാമ്പത്തിക വർഷത്തിൽ നമുക്ക് ഔദ്യോഗികമായി ലഭിച്ച കണക്കനുസരിച്ച് ഒരു ഹെക്ടറിൽനിന്നും 3167 കിലോഗ്രാം നെല്ല് ലഭിച്ചിട്ടുണ്ട്. 1991-92 കാലയളവിൽ അത് 1959 കിലോഗ്രാം ആയിരുന്നു. ഈ ഏജൻസികളുടെ പ്രവർത്തന ഫലമായിട്ടാണ് ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞത്.

ശ്രീ. സത്യൻ മൊകേരി : സർ, നെൽകൃഷിയുടെ വികസനം ഉറപ്പു വരുത്തുന്നതിനുവേണ്ടിയും കൂടുതൽ ആദായകരമാക്കുന്നതിനുവേണ്ടിയും ആധുനികവൽക്കരണത്തിനുവേണ്ടിയും ചില നടപടികൾ ഗവൺമെന്റ് ഇതിനകം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. യന്ത്രവൽക്കരണം വന്നു കഴിഞ്ഞാൽ ഉള്ള തൊഴിൽ നഷ്ടപ്പെടുമെന്ന ഭീതി എന്തോ കാരണവശാൽ തൊഴിലാളികളുടെയിടയിൽ വന്നുചേർന്നിട്ടുണ്ട്. യഥാർത്ഥത്തിൽ അത് ശരിയല്ല. തൊഴിലാളികൾക്കും ജോലി ലഭിക്കുന്നതാണ്. ആ സംശയങ്ങൾ ദൂരീകരിക്കുന്നതിനുവേണ്ടിയും അതോടൊപ്പം തന്നെ കൂടുതൽ യന്ത്രവൽക്കരിക്കുന്നതിനുവേണ്ടിയും ഞാറു നടുന്നതിനും കൊയ്യുന്നതിനും മെതിക്കുന്നതിനും ഒക്കെതന്നെ എല്ലാ മേഖലകളിലും യന്ത്രവൽക്കരിക്കുന്നതിനാവശ്യമായ നടപടികൾ എല്ലാവരേയും ബോധ്യപ്പെടുത്തി വ്യാപകമാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, നെൽകൃഷിമേഖലയിൽ യന്ത്രവൽക്കരണം ത്വരിതഗതിയിൽ മുന്നോട്ടു പൊകുകയാണ്. ഗ്രാമ പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എല്ലാംതന്നെ കൊയ്ത്തുമെതി യന്ത്രങ്ങൾ, മെതിയന്ത്രങ്ങൾ, നടീൽ യന്ത്രങ്ങൾ ഒക്കെ ജനകീയാസൂത്രണ സംവിധാനത്തിന്റെ ഭാഗമായി ..... അതൊക്കെ പ്രചരണത്തിനാണ്. ഈ സഭയിൽ പഞ്ചായത്ത് പ്രസിഡന്റായിട്ടുള്ള ബഹുമാന്യനായ പി.കെ. കുമാരന്റെ ഗ്രാമ പഞ്ചായത്തിൽ ഒരു കൊയ്ത്തു മെതിയന്ത്രം വാങ്ങി. അത് പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സഭയിലുണ്ട്. കേരളത്തിലെ പല പ്രദേശങ്ങളിലും നെൽകൃഷിയുമായി ബന്ധപ്പെട്ടുള്ള ഗ്രാമ പഞ്ചായത്തുകളും ബ്ലോക്കുപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും കൊയ്ത്തു-മെതി യന്ത്രങ്ങൾ വാങ്ങിയിട്ടുണ്ട്. ഗവൺമെന്റും കൊയ്ത്ത്-മെതി യന്ത്രം വാങ്ങിയിട്ടുണ്ട്. കുട്ടനാടൻ മേഖലയിൽ ഇപ്പോൾ വ്യാപകമായിട്ട് മെതി യന്ത്രങ്ങൾ ഉപയോഗിച്ചുവരികയാണ്. യന്ത്രവൽക്കരണത്തിന്റെ ഭാഗമാണ് മെതിയന്ത്രം ഉപയോഗിക്കുക എന്നത്. കർഷകത്തൊഴിലാളി കൊയ്യുന്ന ചുരുട്ട് മെതിക്കാനുള്ള യന്ത്രം വ്യാപകമായി ഉപയോഗിച്ചു വരുന്നുണ്ട്. ഞാൻ ആദ്യം പറഞ്ഞു. തൊഴിലാളിയുടെ തൊഴിൽ നഷ്ടപ്പെടാത്ത രീതിയിൽ യന്ത്രവൽക്കരണം നടപ്പാക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : കാർഷിക വിസകനത്തെ സംബന്ധിച്ച് നമുക്ക് മേജറായിട്ട് കുറെ ഇറിഗേഷൻ പ്രോജക്ടുകളുണ്ട്. അതിൽ പലതിനും

LIBRARY ARCHIVES Kerala Legislative Assembly

കാലതാമസം വരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയുള്ള ചെറുകിട ജലസേചനപദ്ധതികൾ ഉയർത്തിക്കൊണ്ടുവരിക മാത്രമാണ് മാർഗ്ഗം. ചൈന പോലുള്ള രാജ്യങ്ങളിൽ ചെറുകിട ജലസേചന പദ്ധതികൾ വളരെ വലിയ മാറ്റം കാർഷിക രംഗത്ത് ഉണ്ടാക്കിയതായിട്ട് വായിക്കാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അത് ഏറ്റെടുത്തു നടത്താൻ ഇപ്പോൾ അവകാശമുണ്ട്. അതുകൊണ്ട് കാര്യമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനുവേണ്ടി എക്സ്റ്റേണൽ ഫണ്ടിങ്ങെങ്കിലും സ്വീകരിച്ച് അവയെ കുറച്ചുകൂടി എകീപ്പുചെയ്ത് എടുക്കുകയാണെങ്കിൽ വളരെ വലിയ മാറ്റം ജലസേചനരംഗത്ത് ഉണ്ടാക്കിയെടുക്കാൻ സാധിക്കും. അതിനെപ്പറ്റി ഗൗരവമായി പഠിച്ചിട്ടുണ്ടോ, ഗ്രാമപഞ്ചായത്തുതലങ്ങൾക്ക് ചെറുകിട ജലസേചനപദ്ധതി ഏറ്റെടുക്കാൻ കഴിയുന്നവിധത്തിൽ സാമ്പത്തികസഹായം ചെയ്യാൻ വല്ല ആലോചനയുമുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. നെൽകൃഷിക്ക് പലപ്രദേശത്തും ആവശ്യമായ ജല ലഭ്യതയില്ല. ഇപ്പോൾതന്നെ ജനകീയാസൂത്രണ സംവിധാനത്തിൽ ഉൽപ്പാദന മേഖലയ്ക്ക് നീക്കിവച്ചിട്ടുള്ള ഫണ്ടിൽ നിന്ന് പഞ്ചായത്തുകളിൽത്തന്നെ ചെറുകിടജലസേചന പദ്ധതികൾക്ക് രൂപം നൽകാൻ അവകാശമുണ്ട്. അതുപോലെ ബ്ലോക്കു പഞ്ചായത്തുകൾക്ക് എല്ലാം സാധ്യതകളും സംയോജിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ആവശ്യമായ ഗ്രാമപഞ്ചായത്തുകളിൽ ഇത്തരം ചെറിയ ചെറിയ ജലസേചനപദ്ധതികൾ നെൽകൃഷി വികസിപ്പിക്കുന്നതിന് ആവശ്യമായ രീതിയിൽ ഏർപ്പെടുത്തുന്നതിന് തയ്യാറാണ്.

ശ്രീ. പി. കെ. കെ. ബാവ : നെൽകൃഷി രംഗത്തുനിന്ന് കൃഷിക്കാർ പിൻതിരിയുന്നുവെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് എന്താണ് ഇതിന് അവരെ പ്രേരിപ്പിക്കുന്ന യഥാർത്ഥ കാരണമെന്ന് പരിശോധിക്കാൻ നെൽ കർഷകരുമായി നേരിട്ട് ചർച്ച നടത്താൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധമാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അദ്ദേഹത്തിന്റെ ചോദ്യം നെൽകൃഷി മേഖലയെ സംരക്ഷിക്കുന്നതിനും നെൽകർഷകരെ ആ മേഖലയിൽ ഉറപ്പിച്ചു നിർത്തുന്നതിനും വിജയകരമായി നെൽകൃഷി മുന്നോട്ടുകൊണ്ടുപോകുന്നതിനും ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിക്കുമെന്നാണ് . അതിന് ഗവൺമെന്റിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വേണ്ടിയാണ് ഉന്നതാധികാര കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെതന്നെ പല നിർദ്ദേശങ്ങളും ആ റിപ്പോർട്ടിലുണ്ട്. ഗവൺമെന്റ് അത് പഠിച്ചുവരികയാണ്. തീർച്ചയായും ആ റിപ്പോർട്ടിലെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly